## ഒന്നാം ക്ലാസ്സ് വിദ്യാർത്ഥികളുടെ എണ്ണം

332 [2390] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷത്തിനിടയിൽ ഓരോ വർഷവും സ്കൂളിൽ ചേർന്നിട്ടുള്ള ഒന്നാം ക്ലാസ്സ് വിദ്യാർത്ഥികളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) ഓരോ വർഷവും ഒന്നാം ക്ലാസ്സ് പ്രവേശനത്തിൽ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇങ്ങനെ ഉണ്ടാകുന്ന കുറവിന്റെ അനുപാതത്തിൽ അദ്ധ്യാപകരുടെ എണ്ണത്തിൽ കുറവുവരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കഴിഞ്ഞ 3 വർഷങ്ങളിലെ ഒന്നാം ക്ലാസ്സ് വിദ്യാർത്ഥികളുടെ എണ്ണം താഴെ ചേർക്കുന്നു:

| *വർഷം* | *കുട്ടികളുടെ എണ്ണം* |
|---|---|
| 2002-2003 | 456517 |
| 2003-2004 | 441325 |
| 2004-2005 | 432048 |

(ബി) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട്. അത് താഴെ പറയുംപ്രകാരമാണ്:

| *വർഷം* | *കുട്ടികൾ* | *ശതമാനം* |
|---|---|---|
| 2002-2003 | 157527 | 0.3 |
| 2003-2004 | 148698 | 5.61 |
| 2004-2005 | 139442 | 6.23 |

(സി) കേരള വിദ്യാഭ്യാസ നിയമത്തിലെ നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രകാരം കുട്ടികളുടെ എണ്ണത്തിന് അനുപാതമായി തസ്തിക നിർണ്ണയം നടത്തുന്നു. കുട്ടികളുടെ കുറവനുസരിച്ച് അദ്ധ്യാപക തസ്തികകളിലും കുറവുണ്ടാകുന്നുണ്ട്.

## സ്കൂൾ വിദ്യാർത്ഥികൾക്ക് ക്ഷേമനിധി

333 [2391] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി രൂപീകൃതമായ ക്ഷേമനിധിയുടെ പ്രവർത്തനം നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ക്ഷേമനിധി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly